**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3038** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുമ്പള പഞ്ചായത്തിലെ കാട്ടുപന്നി ഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ ബംബ്രാണ, കൊടിയമ്മ, ആരിക്കാടി എന്നീ പ്രദേശങ്ങളിൽ കാട്ടുപന്നി സാന്നിധ്യം കർഷകരും സ്കൂൾ വിദ്യാർത്ഥികളും ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ഭീഷണിയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളത് പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ട് മഞ്ചേശ്വരം എം. എൽ. എ. വനം വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | മഞ്ചേശ്വരം എം.എൽ.എ വനംമന്ത്രിക്ക് നൽകിയ പരാതിയിൻ മേൽ സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>കുമ്പള പഞ്ചായത്തിലെ കാട്ടുപന്നി ശല്യം നേരിടുന്ന കൊടിമ്മ ഗവൺമെന്റ് ഹൈസ്കൂളിന് സമീപമുള്ള ആരികാടി വില്ലേജിൽപ്പെടുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള 16.74 ഏക്കർ വിസ്തൃതിയുള്ള പ്രൊപ്പോസ്ഡ് റിസർവ്വ് വനത്തിൽ 100 ൽ താഴെ എണ്ണം മരങ്ങൾ നിലവിലുണ്ട്. ആയത് ആവശ്യ മെങ്കിൽ പരിശോധിച്ച് മുറിച്ച് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ടി പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങളിൽ കാടുമൂടി കിടക്കുന്നത് മൂലവും പാറ പ്രദേശമായതിനാലും കാട്ടുപന്നികളുടെ സാന്നിദ്ധ്യം ഉണ്ടാകുന്നുണ്ട്. കാട്ടുപന്നി ശല്യം രൂക്ഷമാകുന്ന അവസരങ്ങളിൽ ആർ.ആർ.ടി വിഭാഗത്തിന്റെ സേവനം ടി പ്രദേശങ്ങളിൽ ലഭ്യമാക്കിവരുന്നുണ്ട്. |
| (സി) | കാട്ടുപന്നികളുടെ ആവാസ കേന്ദ്രമായ ആരിക്കാടി വില്ലേജിലെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കാറ്റാടി തോട്ടത്തിലെ പാകമായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ആരിക്കാടി വില്ലേജിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ കാറ്റാടിത്തോട്ടം 2018-ൽ കാസർഗോഡ് ടെറിട്ടോറിയൽ ഫോറസ്റ്റ് ഡിവിഷന് കൈമാറിയിട്ടുള്ളതും പ്രസ്തുത പ്രദേശം കാസർഗോഡ് ടെറിട്ടോറിയൽ ഡിവിഷന്റെ അധികാര പരിധിയിലുമാണ്. ഈ സ്ഥലം കേരള വന നിയമം, 1961 സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് |

| | | | |
|---|---|---|---|
| | | | ഫോറസ്റ്റായി വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ടി സ്ഥലത്ത് നൂറിൽത്താഴെ മാത്രമാണ് കാറ്റാടി മരങ്ങൾ ഉള്ളത്. ആയത് ആവശ്യമെങ്കിൽ പരിശോധിച്ച് മുറിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ